മഹാത്മാഗാന്ധി സർവ്വകലാശാല
പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം
പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560
ഫോൺ: 0481 - 2733298

2022 മെയ് 13

# വാർത്താക്കുറിപ്പ്

---

## ഗസ്റ്റ് അധ്യാപകരുടെ ഇന്റർവ്യൂ 23 ലേക്ക് മാറ്റി

മഹാത്മാഗാന്ധി സർവ്വകലാശാലയിലെ 18 പഠന വകുപ്പുകളിൽ ഒഴിവുള്ള 80 ഗസ്റ്റ് അധ്യാപക തസ്തികകളിലേക്ക് കരാർ നിയമനത്തിന് മെയ് 19 മുതൽ നടത്താനിരുന്ന വോക്ക്-ഇൻ ഇന്റർവ്യൂ മെയ് 23, 24, 25, 27 തീയതികളിലേക്ക് മാറ്റി. കൂടാതെ അപേക്ഷകരുടെ പ്രായപരിധി 45 ൽ നിന്ന് 70 ആക്കി ഉയർത്തുകയും ചെയ്തിട്ടുണ്ട്. സർവ്വകലാശാല ആസ്ഥാനത്തെ വൈസ് ചാൻസലറുടെ കോൺഫറൻസ് ഹാളിലാണ് ഇൻ്ററവ്യൂ നടക്കുക. യോഗ്യത, ഇന്റർവ്യൂവിന്റെ സമയക്രമം തുടങ്ങിയ വിവരങ്ങൾ www.mgu.ac.in എന്ന വെബ്സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ./39/590/2022)

## പരീക്ഷ മാറ്റി

ഏപ്രിൽ 30 ലെ വിജ്ഞാപനപ്രകാരം മെയ് 16, 18 തീയതികളിൽ നടത്താൻ നിശ്ചയിച്ചിരുന്ന ഒന്ന്, രണ്ട് സെമസ്റ്റർ ബി.ആർക്ക് (2020 അഡ്മിഷൻ - റെഗുലർ) ബിരുദ പരീക്ഷകൾ യഥാക്രമം മെയ് 27, 30 തീയതികളിലേക്ക് മാറ്റി.

(പി.ആർ.ഒ./39/591/2022)

## പരീക്ഷാ ഫലം

2020 നവംബറിൽ നടന്ന മൂന്ന്, നാല് സെമസ്റ്ററുകൾ എം.എസ് സി. ഫിസിക്സ് (നോൺ-സി.എസ്.എസ്.) സ്പെഷ്യൽ മേഴ്സി ചാൻസ് പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനക്കുമുള്ള അപേക്ഷകൾ യഥാക്രമം 370 രൂപ, 160 രൂപ നിരക്കിലുള്ള ഫീസ് സഹിതം മെയ് 24 വരെ പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ സ്വീകരിക്കും.

(പി.ആർ.ഒ./39/592/2022)

സ്കൂൾ ഓഫ് ഇന്റർനാഷണൽ റിലേഷൻസ് ആന്റ് പൊളിറ്റിക്സ് 2021 നവംബറിൽ രണ്ടാം സെമസ്റ്റർ എം.എ. (പൊളിറ്റിക്സ് ആന്റ് ഇന്റർനാഷണൽ റിലേഷൻസ്, പൊളിറ്റിക്സ് ആന്റ് ഹ്യൂമൻ

റൈറ്റ്സ്, പൊളിറ്റികസ് - പബ്ലിക് പോളിസി ആന്റ് ഗവേണൻസ് -2020-22 ബാച്ച് - സോഷ്യൽ സയൻസ് ഫാക്കൽറ്റി, സി.എസ്.എസ്.) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ./39/593/2022)

2021 മാർച്ചിൽ നടന്ന ഒന്ന് മുതൽ അഞ്ച് വരെയുള്ള സെമസ്റ്ററുകൾ എം.സി.എ. മേഴ്സി ചാൻസ് (2011, 2012, 2013, 2014 - ലാറ്ററൽ എൻട്രി) അഡ്മിഷൻ) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനക്കുമുള്ള അപേക്ഷകൾ യഥാക്രമം 370 രൂപ, 160 രൂപ നിരക്കിലുള്ള ഫീസ് സഹിതം മെയ് 26 വരെ പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ സ്വീകരിക്കും.

(പി.ആർ.ഒ./39/594/2022)

2021 നവംബറിൽ നടത്തിയ നാലാം സെമസ്റ്റർ എം.ബി.എ പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനക്കുമുള്ള അപേക്ഷകൾ യഥാക്രമം 790 രൂപ, 160 രൂപ നിരക്കിലുള്ള ഫീസ് സഹിതം മെയ് 28 വരെ പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ സ്വീകരിക്കും.

(പി.ആർ.ഒ./39/595/2022)

**പി.സി. സുരേഷ് കുമാർ**
**പബ്ലിക് റിലേഷൻസ് ഓഫീസർ**